# ഇടയന്മാരും ഇടറാത്ത ഇടയനും..!

നൂറ്റാണ്ടുകളായി ആടുകൾ അന്വേഷണത്തിലാണ്. ഒരു കുറവുമില്ലാത്ത ഒരു ഇടയനുവേണ്ടി. 'ക്രിസ്ത്യൻ ബീക്കൺ' എന്ന പ്രസിദ്ധീകരണത്തിൽ അത്തരം ഒരു ഇടയനെ കണ്ടെത്തിയതായി ഒരു ഭാവന പ്രസിദ്ധീകരിച്ചത് വായിക്കുവാൻ രസകരമാണ്!

ഇരുപത്താറുവയസ്സുള്ള ഈ ഇടയന് മുപ്പതുവർഷത്തെ ശുശ്രൂഷാപരിചയമുണ്ട്! മെലിഞ്ഞ് വണ്ണമുള്ള ശരീരം!
നല്ല ഉയരം, കൃത്യമായി പറഞ്ഞാൽ നാലടി രണ്ടിഞ്ച്! തലമുടി നടുവെ പകുത്തുചീകുന്ന പ്രകൃതക്കാരൻ!
വലത്തുവശത്തെ മുടി വഴങ്ങാത്തതും കറുത്തതുമെങ്കിലും ഇടത്തുവശത്തേത് അങ്ങനെയല്ല, ചുരുണ്ട് പഞ്ഞിപോലെ നരച്ചതാണ്!

ഈ ഇടയൻ രാവിലെ എട്ടുമുതൽ രാത്രി പത്തുവരെ ആടുകളെ പരിപാലിക്കുന്നതിൽ ശ്രദ്ധാലുവാണ്!
കൃത്യം ഇരുപതുമിനിറ്റ് മാത്രമാണ് ഇദ്ദേഹത്തിന്റെ പ്രസംഗദൈർഘ്യം. പാപത്തോടു വിട്ടുവീഴ്ചകാട്ടാത്ത ഈ ഇടയൻ ആരുടെയും ഹൃദയത്തെ മുറിപ്പെടുത്താറില്ല! മാസവരുമാനത്തിന്റെ ദശാംശം സഭയ്ക്ക് കൃത്യമായി നൽകും! പൊതുപിരിവുകളിൽ ആദ്യത്തെ വാഗ്ദാനം അദ്ദേഹത്തിന്റെ വകയായിരിക്കും!

ചെറുപ്പക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ ആവേശമുള്ള ഇദ്ദേഹത്തിന് പ്രായമുള്ളവരെ ശുശ്രൂഷിക്കാൻ സമയം തികെയാറില്ല!
ഗൗരവഭാവമുള്ള ഇദ്ദേഹത്തിന്റെ മുഖം ആടുകളെ ശാസിക്കുമ്പോഴും പുഞ്ചിരിക്കുന്നുണ്ടാവും!

സുവിശേഷം ശ്രവിക്കായ്കയാൽ നാശത്തിലേക്കു നീങ്ങുന്ന പാപികളെക്കുറിച്ച് നൊമ്പരപ്പെടുന്ന ഒരു ഹൃദയം ഈ ഇടയനുണ്ട്!
തന്മൂലം ശിഷ്ടായുസ്സ് മുഴുവനും നഷ്ടപ്പെട്ട ആത്മാക്കൾക്കായി മാറ്റിവെച്ചിരിക്കുന്ന ഇഷ്ടൻ വീടിന് വെളിയിലിറങ്ങുകില്ലെന്ന കഠിന ശപഥത്തിലാണത്രേ!!

അനുകരണീയനായ ഒരു ഇടയനെ തേടിനടക്കുന്നവർക്ക് ഒരുപക്ഷേ, ഒരു കുറവുമില്ലാത്ത ഒരാളെ ഈ ലോകത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞെന്നുവരികയില്ല. എബ്രായ ലേഖനകർത്താവ് ഇടയന്മാരെ അനുകരിക്കുവാൻ ആടുകളെ പ്രബോധിപ്പിച്ചിരിക്കുന്നത് വളരെ ശ്രദ്ധയോടെയാണ്: "നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊള്ളുവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ." (എബ്രായർ 13:7)

ശുശ്രൂഷ നന്നായി ആരംഭിച്ച പല ഇടയന്മാരുടെയും അവസാനം നന്നായിരുന്നില്ല. ആകയാൽ അവസാനംവരെ മാതൃകകാട്ടിയവരെ അനുകരിക്കുവാനാണ് താൻ ഇവിടെ ആഹ്വാനം നൽകിയിരിക്കുന്നത്.

യേശുക്രിസ്തു ഇടയന്മാരുടെ ഇടയിലെ ശ്രേഷ്ട ഇടയനാണ്. അനുകരണീയനായ ഈ ഇടയൻ മാറ്റമില്ലാത്തവനത്രേ. "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ." (എബ്രായർ 13:8)

"നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്യുവാൻതക്കവണ്ണം എല്ലാനന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളത് യേശുക്രിസ്തുമുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന് എന്നേക്കും മഹത്ത്വം. ആമേൻ." (എബ്രായർ 13:20 – 21)

Author: ksabraham.org@gmail.com website: www.ksabraham.org **Free Distribution of this material is encouraged!**